**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7339

17.07.2012 ൽ
മറുപടിക്ക്

**<u>തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പ്രവൃത്തി സമയം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക ഒന്നിൽ നിലവിലുള്ള പ്രവൃത്തികൾക്ക് പുറമേ പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ ഉണ്ടായ നടപടി വിശദമാക്കുമോ; | എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക ഒന്നിൽ അംഗീകൃത പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി.<br>1. ദരിദ്ര വിഭാഗങ്ങളുടെ ഭവന നിർമ്മാണവും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളും<br>2. പൊതു ആസ്തികളുടെ നിർമ്മാണവും സംരക്ഷണവും.<br>3. തീരപ്രദേശ സംരക്ഷണത്തിന് അനുയോജ്യമായ പ്രവൃത്തികൾ<br>4. മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ<br>5. കാർഷിക പ്രവൃത്തികൾ<br>6. വനാവകാശ നിയമപ്രകാരം അനുവദനീയമായ നിർമ്മാണ പ്രവൃത്തികൾ<br>7. സേവന മേഖലയിലെ തൊഴിലുകൾ (വനിതകൾക്ക് മാത്രം)<br>8. ക്ഷീര/കയർ മേഖലകളിലെ പ്രവൃത്തികൾ<br>സംസ്ഥാനങ്ങൾ നിർദ്ദേശിച്ച ഭേദഗതികൾ പരിശോധിച്ച് വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗം ഡോ. മിഹിർഷാ അധ്യക്ഷനായി ഒരു സമിതിയെ കേന്ദ്ര സർക്കാർ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ കൂടി തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക-1-ൽ ഇപ്പോൾ |

ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കൃഷിയുമായി ബന്ധപ്പെട്ട NADEP കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ദ്രവജൈവ വളങ്ങളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ
2. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻകൂട്, കന്നുകാലി തൊഴുത്തിന്റെ ഈട്ടറ്റതറ, പുൽ തൊട്ടി, കാലിതീറ്റയായ അസോള വളർത്തൽ തുടങ്ങിയ പ്രവൃത്തികൾ
3. ഫിഷറീസ് മേഖലയുമായി ബന്ധപ്പെട്ട് പൊതുകുളങ്ങളിലെ മീൻ വളർത്തൽ പ്രവൃത്തികൾ
4. തീരപ്രദേശങ്ങളിൽ ഫിഷ് ഡ്രൈയിംഗ് യാഡുകൾ, ബെൽറ്റ് വെജിറ്റേഷൻ എന്നീ പ്രവൃത്തികൾ
5. കുടിവെള്ളവുമായി ബന്ധപ്പെട്ട സോക്ക്പിറ്റ്, റീചാർജ്ജ്പിറ്റ് തുടങ്ങിയവ.
6. ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികളായ ഗാർഹിക കക്കൂസ്, സ്കൂൾ ടോയ്‌ലെറ്റ്, അംഗൻവാടി ടോയ്‌ലെറ്റ്, എന്നിവയുടെ നിർമ്മാണം
7. ദ്രവ-ഖരമാലിന്യ പരിപാലനം

| | | | |
|---|---|---|---|
| ബി) | തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രവൃത്തി സമയം ഒരു മണിക്കൂർ കുറയ്ക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ നിയമം 2005, ഷെഡ്യൂൾ 1 പാര (8) പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തി സമയം ഒരു മണിക്കൂർ വിശ്രമം അടക്കം 9 മണിക്കൂർ ആണ്. സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 9-ാമത് യോഗതീരുമാനപ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ജോലിസമയം ഒരു മണിക്കൂർ വിശ്രമം ഉൾപ്പെടെ 8 മണിക്കൂർ ആയി മാറ്റുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ